**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1546** **19-01-2021 - ൽ മറുപടിയ്ക്ക്**

**ആറന്മുള മണ്ഡലത്തിലെ പച്ചക്കറി സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി വീണാ ജോർജ്ജ്** | | **Shri. V. S. Sunil Kumar**<br>**(കൃഷി വകുപ്പുമന്ത്രി)** | |
| (എ) | ആറന്മുള മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വിള ഇൻഷ്വറൻസ്/പ്രകൃതിക്ഷോഭത്തിലെ നഷ്ടപരിഹാരം എന്നീ വിഭാഗങ്ങളിൽ കൃഷി വകുപ്പിൽ നിന്ന് കർഷകർക്ക് എത്രത്തോളം ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനവിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷം നാളിതുവരെ കൃഷിനാശം സംഭവിച്ച 689 കർഷകർക്ക് 86,93,290/- രൂപ (എൺപത്തിയാറ് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ് രൂപ) നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരമായി 2020-21 വർഷത്തിൽ 1,73,85,880/- രൂപ (ഒരു കോടി എഴുപത്തിമൂന്ന് ലക്ഷത്തി എൺപത്തയ്യായിരത്തി എണ്ണൂറ്റി എൺപത് രൂപ) അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | ആറന്മുള മണ്ഡലത്തിൽ പച്ചക്കറി സംഭരണത്തിന് എത്രത്തോളം ക്രമീകരണങ്ങൾ നിലവിൽ ഉണ്ട്; പുതിയ സംഭരണ കേന്ദ്രങ്ങൾ പത്തനംതിട്ടയിലോ ആറന്മുളയിലോ ആരംഭിക്കുന്നതിന് വകുപ്പിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ? | (ബി) | നിലവിൽ ആറന്മുള നിയോജകമണ്ഡലത്തിൽ 4 ആഴ്ചചന്തകൾ, 5 എക്കോഷോപ്പുകൾ, 5 ക്ലസ്റ്റർ മാർക്കറ്റുകൾ, വി.എഫ്.പി.സി.കെ വിപണികൾ എന്നിവ മുഖേന അടിസ്ഥാന വിലയ്ക്ക് പച്ചക്കറികൾ ശേഖരിക്കുന്നുണ്ട്. കൂടാതെ കാർഷിക കൂട്ടായ്മകൾക്ക് എഫ്.പി.ഒ. രജിസ്ട്രേഷൻ ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ഉപയോഗിച്ച് ലോൺ നൽകിക്കൊണ്ട് കാർഷിക മേഖലയിൽ പുരോഗതി വരുത്തുവാൻ വേണ്ട നടപടികളും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ